# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 2, Issue: 08

ഏപ്രിൽ 26 ചൊവ്വ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## മഴയിൽ തകർന്ന് ഓടിച്ചുകുന്ന്-മൂന്നാംകുറ്റി റോഡ്

**നിതിൻ സി ജോസഫ്**

അങ്ങാടിക്കടവ് : ഒരു വർഷം മുമ്പ് പണിപൂർത്തിയായ അയ്യൻകുന്ന് പഞ്ചായത്ത് പതിനഞ്ചാം വാർഡിലെ ഓടിച്ചുകുന്ന്-മൂന്നാംകുറ്റി റോഡ് മഴയത്ത് ഒലിച്ചു പോയത് യാത്രാദുരിതത്തിന് ഇടയാക്കുന്നു. ഇരുപതിലേറെ കുടുംബങ്ങൾ ആശ്രയിക്കുന്ന റോഡിന്റെ അറ്റകുറ്റപ്പണികൾ കൃത്യമായി നടക്കാത്തതിനാൽ പലഭാഗത്തും ടാറിങ് നേരത്തെ പൊളിഞ്ഞ് പോയിരുന്നു. മഴ ശക്തമായതോടുകൂടി റോഡിൽ കുഴികൾ രൂപപ്പെടുകയും റോഡ് ഭാഗികമായി ഒലിച്ചു പോകുകയും ചെയ്തത് അപകടങ്ങൾക്ക് കാരണമാകുന്നു. മഴവെള്ളം ഒഴുകി പോകാൻ കൃത്യമായ കനാൽ ഇല്ലാത്തതും റോഡിന്റെ വശങ്ങൾ കെട്ടാത്തതും ദുരിതത്തിന് ആക്കം കൂട്ടുന്നു.





**മഴയത്ത് ഒലിച്ചു പോയ ഓടിച്ചുകുന്ന്-മൂന്നാംകുറ്റി റോഡ്.**

'കഴിഞ്ഞ മഴക്കാലം മുതൽ അറ്റകുറ്റപ്പണികൾ ചെയ്യാതെ കിടക്കുന്ന റോഡിൽ കൂടി വാഹന ഗതാഗതം വിഷമകരമാണ്. റോഡിൻെറ ഒരു ഭാഗം തകർന്നതിനാൽ പലരും കാൽനടയായാണ് ഇതിലെ യാത്ര ചെയ്യുന്നത്'. പ്രദേശവാസി റെജി കുഴികണ്ടത്തിൽ പറഞ്ഞു.

'ഒത്തിരി കുടുംബങ്ങൾ ആശ്രയിക്കുന്ന റോഡാണിത്. പ്രത്യേകിച്ച് അംഗനവാടിയിൽ പഠിക്കുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും റോഡിന്റെ ദുരവസ്ഥ ബുദ്ധിമുട്ടാണ്. റോഡിന്റെ അവസ്ഥ കാരണം വാഹനങ്ങൾ വരാൻ തയ്യാറാകാത്തതിനാൽ പലരും കുട്ടികളെ കാൽനടയായാണ് അംഗനവാടിയിൽ കൊണ്ടു വിടുന്നതും തിരിച്ചുകൊണ്ടുവരുന്നതും. നാളുകളായി അധികൃതരെ കാര്യങ്ങൾ ബോധിപ്പിച്ചിട്ടും മാറ്റമുണ്ടാകുന്നില്ല'. സുജാത സത്യൻ പറഞ്ഞു.

'ഓടിച്ചുകുന്ന് മൂന്നാംകുറ്റി ഭാഗത്തുള്ള റോഡിന്റെ അവസ്ഥ ശോചനീയമാണ്. റീ ടാറിങ്ങിന് ഇതുവരെ ഫണ്ട് അനുവദിച്ച് കിട്ടിയിട്ടില്ല. പുതിയ സാമ്പത്തിക വർഷത്തിൽ റോഡ് പുതുക്കിപ്പണിയുന്നതിന് തുക അനുവദിച്ചു കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ഫണ്ട് പാസായാൽ ഉടൻ പണി ആരംഭിക്കുന്നതാണ്. പല റോഡുകളും ശക്തമായ മഴയിൽ ഒലിച്ചു പോയിട്ടുണ്ട്. എല്ലാം ശരിയാക്കേണ്ടതുണ്ട്. തുക അനുവദിച്ചു കിട്ടിയാൽ ഉടനെ തന്നെ പണികൾ ആരംഭിക്കും'. വാർഡ് മെമ്പർ ഫിലോമിന മാണി പറഞ്ഞു.

## സോക്കർ – 9: പരിശീലന ക്യാമ്പ് ആരംഭിച്ചു

**അനുഗ്രഹ ആൻ ജോർജ്**



**സോക്കർ-9 സ്പോർട്സ് അക്കാദമിയുടെ കീഴിൽ കുട്ടികൾ പരിശീലനം നടത്തുന്നു**

അങ്ങാടിക്കടവ് : സോക്കർ-9 സ്പോർട്സ് അക്കാദമിയുടെ കീഴിൽ നാലാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സ്പോർട്സ് പരിശീലന ക്യാമ്പ് അങ്ങാടിക്കടവ് യു പി സ്കൂളിൽ ആരംഭിച്ചു. ഏപ്രിൽ 18 മുതൽ മെയ് അവസാനം വരെ രാവിലെ ആറ് മുതൽ എട്ട് വരെ നടക്കുന്ന പരിശീലന ക്യാമ്പിൽ നാൽപ്പത്തഞ്ചോളം കുട്ടികൾ ലിംഗഭേദമന്യേ പങ്കെടുക്കുന്നുണ്ട്. ഉപരിപഠനസാധ്യതയും തൊഴിൽ അവസരങ്ങളും ലഭ്യമാകുന്ന നെറ്റ് ബോൾ, ടെന്നിക്കൊയ്റ്റ് എന്നീ കായിക ഇനങ്ങളിലാണ് പ്രധാനമായും പരിശീലനം നൽകുന്നത്.

ആദ്യഘട്ടത്തിൽ ക്യാമ്പിൽ വരുന്ന കുട്ടികൾക്ക് ആവശ്യമായ ശാരീരികക്ഷമത ഉറപ്പാക്കുന്ന രീതിയിലുള്ള പരിശീലനമാണ് നൽകുന്നത്. തുടർന്ന് കുട്ടികളുടെ താൽപര്യവും അഭിരുചിയും അനുസരിച്ച് അവരെ വിവിധ ഇനങ്ങൾ പരിശീലിപ്പിക്കുന്നു. ഈ ക്യാമ്പിൽ നിന്നും കഴിവ് തെളിയിക്കുന്ന കുട്ടികൾക്ക് അക്കാദമിയിൽ ഉള്ള വിവിധ ഗെയിംസ് ഇനങ്ങളിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കുന്നു.

'സ്പോർട്സിന് മുൻതൂക്കം നൽകുന്ന കേരള യൂണിവേഴ്സിറ്റി, എം ജി യൂണിവേഴ്സിറ്റി പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മികച്ച കുട്ടികളെ അന്വേഷിച്ച് അക്കാദമിയെ സമീപിക്കാറുണ്ട്. കുട്ടികൾക്ക് ശാരീരികമായും മാനസികമായും കരുത്ത് വളർത്തുകയും ഗെയിംസിന് ഒപ്പം അവരുടെ ഭാവിയിലേക്ക് കൂടുതൽ അവസരങ്ങൾ ഉണ്ടാക്കുകയുമാണ് ഞങ്ങളുടെ അക്കാദമിയുടെ ഉദ്ദേശം. വിദേശരാജ്യങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നെറ്റ്ബോൾ പ്ലെയേഴ്സിന് സ്കോളർഷിപ്പോടുകൂടിയ അഡ്മിഷനുള്ള സാദ്ധ്യതകൾ കൂടുതലാണ്. ടെന്നിക്കൊയ്റ്റ് പ്ലെയേഴ്സിന് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ജോലിസാധ്യത ഒരുപാടുണ്ട്'. സോക്കർ-9 അക്കാദമിയുടെ സ്ഥാപകൻ ഷൈജു സെബാസ്റ്റ്യൻ പറഞ്ഞു.

'പരിമിതമായ സാഹചര്യങ്ങളിൽ ഏറ്റവും നല്ല സൗകര്യങ്ങൾ ഉറപ്പാക്കുന്ന ആധുനിക ഉപകരണങ്ങളും പരിശീലകരും ഈ ക്യാമ്പിൽ ലഭ്യമാണ്. ക്യാമ്പിന്റെ ലക്ഷ്യം മനസിലാക്കി ആവശ്യമായ സഹായങ്ങൾ ചെയ്യാൻ നാട്ടുകാരും മാതാപിതാക്കളും സ്കൂൾ അധികൃതരും തയ്യാറാകുന്നുണ്ട്'. സഹപരിശീലകനായ സുജിത്ത് കുമാർ പറഞ്ഞു.

'സോക്കർ-9 അക്കാദമിയുടെ ഇത്തരം ഒരു ക്യാമ്പിൽ കൂടെയാണ് ഞാൻ നെറ്റ്ബോൾ ഗെയിം പരിചയപ്പെട്ടത്. പിന്നീട് കണ്ണൂർ സ്പോർട്സ് സ്കൂളിൽ സെലക്ഷൻ ലഭിക്കാൻ ഇത് കാരണവുമായി. ഒത്തിരി അവസരങ്ങൾ നൽകുന്ന ഇത്തരം ക്യാമ്പുകൾ ഇനിയും തുടരണം'. മുൻ അക്കാദമി താരം കെ എസ് അലീഷ പറഞ്ഞു.

നെറ്റ് ബോളിൽ സ്റ്റേറ്റ് പ്ലെയർ വിനീഷ വിൻസെന്റും, ടെന്നിക്കൊയ്റ്റിൽ കേരള ടീം ട്രെയിനർ ഹരികുമാറുമാണ് പരിശീലകർ.

### എന്താണ് ടെന്നിക്കോയിറ്റ് ?

റിംഗ് ടെന്നീസ് അല്ലെങ്കിൽ ടെന്നികോയിറ്റ്സ് എന്ന ടെന്നിക്കോയിറ്റ്, ടെന്നീസ് ശൈലിയിൽ കോർട്ടിൽ കളിക്കുന്ന ഗെയിമാണ്. വൃത്താകൃതിയിലുള്ള റബ്ബർ റിംഗ് രണ്ട് കളിക്കാരെയും വേർതിരിക്കുന്ന വലയ്ക്ക് മുകളിലൂടെ എറിയുന്നു, ഓരോരുത്തരും എറിഞ്ഞ റിംഗ് എതിരാളിയുടെ കോർട്ടിലേക്ക് തിരികെ കൊണ്ടുവരാൻ ശ്രമിക്കുന്നു. ഒരു കളിക്കാരൻ ഒരു ക്യാച്ച് നഷ്ടപ്പെടുത്തുമ്പോൾ, അവരുടെ എതിരാളി ഒരു പോയിന്റ് നേടുകയും 21 പോയിന്റ് നേടുന്ന ആദ്യത്തെ കളിക്കാരൻ സെറ്റ് നേടുകയും ചെയ്യുന്നു. മൂന്നു സെറ്റുകൾ ഉള്ള മത്സരത്തിൽ ആദ്യം രണ്ട് സെറ്റുകൾ നേടുന്ന കളിക്കാരൻ വിജയിക്കും. 14 രാജ്യങ്ങളിൽ കളിക്കുന്ന ഈ ഗെയിം സിംഗിൾസായും ഡബിൾസായും കളിക്കാൻ സാധിക്കും.

## അയ്യൻകുന്നിൽ വാതിൽപ്പടി സേവന പദ്ധതിക്ക് തുടക്കം

**ആഷ്മി തോമസ്**

അങ്ങാടിക്കടവ്: ശാരീരിക ബുദ്ധിമുട്ടുകൾ മൂലം സർക്കാർ സേവനങ്ങൾ കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങളിലേക്ക് സേവനങ്ങൾ കൂടുതൽ സുഗമവും സമയബന്ധിതവുമായി എത്തിക്കുന്നതിനുള്ള വാതിൽപ്പടി സേവന പദ്ധതി അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചു. സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടികളുടെ ഭാഗമായാണ് ഈ പദ്ധതി.

പ്രായാധിക്യം, ഗുരുതരരോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി നഷ്ടപ്പെട്ട് അവശത അനുഭവിക്കുന്ന അതിദരിദ്രർക്കും തനിച്ച് താമസിക്കുന്നവർക്കും സർക്കാർ സേവനങ്ങൾ വീട്ടിലെത്തിക്കുന്നതാണ് വാതിൽപ്പടി സേവന പദ്ധതി.

പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ക്ഷേമ പെൻഷനുകൾക്കുവേണ്ടി യുള്ള മാസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷകൾ മുതലായവ ചെയ്തുകൊടുക്കുകയും ജീവൻ രക്ഷാ മരുന്നുകൾ ലഭ്യമാക്കുകയും ചെയ്യുന്നു. രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ആരോഗ്യ സാന്ത്വന സേവനങ്ങൾ, ഭക്ഷ്യ സുരക്ഷ തുടങ്ങിയവ ഉൾപ്പെടുത്തും.

'വാതിൽപ്പടി സേവന വോളന്റിയേഴ്സ് വീടുകളിൽ പോയി അർഹരായവരുടെ ലിസ്റ്റ് തയാറാക്കി അത് ഭരണസമിതി അംഗീകരിച്ചതിനു ശേഷമാണ് വീടുകളിൽ സേവനമെത്തിക്കുക. അതിനുള്ള ഫീസ് അക്ഷയ കേന്ദ്രത്തിനു പഞ്ചായത്ത് നല്കും. മരുന്നുകൾ ഗവൺമെന്റ് ആശുപത്രി വഴിയാണ് നല്കുക. ഗവൺമെന്റ് ആശുപത്രി വഴി മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യമുണ്ടെങ്കിൽ മരുന്നുകൾ വാങ്ങാൻ ശേഷിയില്ലാത്തവർക്ക് മരുന്നിനുള്ള തുക കണ്ടെത്തി മരുന്ന് വാങ്ങി വീട്ടിൽ എത്തിച്ചു കൊടുക്കുന്നതാണ്'. കോർഡിനേറ്റർ പി വി അഷ്റഫ് പറഞ്ഞു.

'മാർച്ച് ഏപ്രിൽ മാസങ്ങളിലായി പദ്ധതിയുടെ എല്ലാ തയാറെടുപ്പുകളും നടന്നു കഴിഞ്ഞു. കമ്മിറ്റി രൂപീകരിച്ച് ഓരോ വാർഡിലുള്ള അർഹരായവരെയും അവർക്കാവശ്യമായ സന്നദ്ധ പ്രവർത്തകരെയും കണ്ടെത്തിയിട്ടുണ്ട്. സഹായിക്കാൻ ആളില്ലാത്ത ഒറ്റപ്പെട്ട കുടുംബങ്ങളെയും വ്യക്തികളെയും കണ്ടെത്തിയാണ് സേവനം. ഇതിനുള്ള തുകയ്ക്കായി പഞ്ചായത്ത് ഫണ്ടും ജനങ്ങളുടെ സംഭാവനയും ഉൾപ്പെടുത്തുന്ന സംയുക്ത ബാങ്ക് അക്കൗണ്ട് ഉടനെ ആരംഭിക്കും'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി, പി.എച്ച്.സി-സി.എച്ച്.സി-താലൂക്ക് ആശുപത്രിയിലെ ഹെൽത്ത് ഇൻസ്പെക്ടർ അല്ലെങ്കിൽ ഹെൽത്ത് സൂപ്പർവൈസർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ, വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, വയോമിത്രം പദ്ധതിയുടെ കോ-ഓർഡിനേറ്റർ, അക്ഷയ കേന്ദ്രങ്ങളുടെ പ്രതിനിധി, സ്പെഷ്യൽ കുടുംബശ്രീ പ്രതിനിധി, സി.ഡി.എസ് പ്രതിനിധി, വയോജന പെൻഷൻ സംഘടന പ്രതിനിധികൾ, പാലിയേറ്റീവ് കമ്മിറ്റി പ്രതിനിധി, പ്രദേശത്തെ പ്രമുഖ സ്ഥാപനങ്ങളുടെ പ്രതിനിധികൾ തുടങ്ങി 15 അംഗ കമ്മറ്റിയെയാണ് ഈ പദ്ധതിക്കായി തിരഞ്ഞെടുക്കുന്നത്.


വാർത്തകൾക്കും പരസ്യങ്ങൾക്കുംവിളിക്കൂ... 9496698531

## എഡിറ്റോറിയൽ

# തിരിഞ്ഞ് നടക്കാം പാടങ്ങളിലേക്ക്

കേരളത്തിന് തനതായ ഒരു കാർഷിക സംസ്കാരമുണ്ട്. കൊന്നകൾ പൂക്കുന്ന വിഷുക്കാലവും മാവേലിയുടെ വരവറിയിക്കുന്ന ഓണക്കാലവുമെല്ലാം വിളിച്ചോതുന്നത് നമ്മുടെ കാർഷിക പാരമ്പര്യത്തെയാണ്. വിളകളാൽ സമൃദ്ധമായ വയലും മരങ്ങളും നാട്ടിൻപുറവുമാണ് കേരളത്തിന്റെ ഭംഗി കൂട്ടുന്നത്. മാറ്റത്തിലേക്ക് കുതിക്കുന്ന സമൂഹത്തിൽ ആളുകൾ പു രോഗമനം തേടി ചെന്നെത്തിയത് കാർഷികമേഖലയുടെ പതനത്തിലേക്കാണ്. പച്ചപ്പും നെൽവയലുകളും എല്ലാം ഓർമ്മകളായി മാറി. കേരളത്തിന്റെ പ്രധാന ഭക്ഷ്യോൽപന്നമായ അരിയുടെ ഉത്പാദനം 7.18 ശതമാനം മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. കേരത്തിന്റെ നാട്ടിൽ നാളികേരത്തിനും വെളിച്ചെണ്ണയ്ക്കും ദൗർലഭ്യതയുണ്ട്. നിലവിൽ കേരളത്തിൽ 46855.854 ഹെക്ടർ നിലം കൃഷി ചെയ്യാതെ വെറുതെയിട്ടിരിക്കുകയാണ്.

നെൽപ്പാടങ്ങൾ നികത്തി കെട്ടിപണിയുന്ന വൻ വ്യവസായങ്ങൾ മനുഷ്യന്റെ കാർഷിക പാരമ്പര്യത്തെ പാടെ ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുകയാണ്. വരൾച്ചയും വെള്ളപ്പൊക്കവും കാർഷിക ഉൽപ്പന്നങ്ങളുടെ വിലക്കുറവും വളങ്ങളുടെയും മറ്റു കാർഷിക അവശ്യവസ്തുക്കളുടെ വില വർധനവും കാർഷിക മേഖലയുടെ തകർച്ചക്കുള്ള മുഖ്യകാരണമാണ്. അന്നന്നത്തെ അന്നത്തിനുവേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയിലാണ് കേരളീയർ. ഈ സ്ഥിതി തുടർന്നാൽ വിഷം നിറഞ്ഞതും മലിനവുമായ ഭക്ഷണങ്ങൾ വൻതുകയ്ക്ക് വാങ്ങി ഉപയോഗിക്കേണ്ടതായിവരും.

കാർഷിക മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കാൻ കേരള സർക്കാർ ധാരാളം പദ്ധതികൾ തുടക്കം കുറിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല. കാർഷിക സംസ്കൃതി തിരികെ പിടിക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമായി കേരള സർക്കാറിന്റെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 'ഞങ്ങളും കൃഷിയിലേക്ക്' എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കാർഷിക സംസ്കാരം ഉണർത്തി ഭക്ഷ്യ സ്വയം പര്യാപ്തതയിലേക്ക് കേരളത്തെ നയിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇത്തരം പദ്ധതി ഉത്സാഹത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നത് തികച്ചും കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. സർക്കാരുമായി കൂടിചേർന്നും സ്വന്തമായി കൃഷി ഇടങ്ങൾ വികസിപ്പിച്ചും പദ്ധതികൾ നടപ്പിലാക്കിയും വികസനവും സ്വയം പര്യാപ്തതയുമുള്ള കേരളത്തിനായി നമുക്ക് യത്നിക്കാം.

എഡിറ്റർ

# കർമ്മനിരതൻ കാവേരി സർ

ഐസയ ന്യൂമെ



ജന്മം കൊണ്ടല്ല, കർമ്മം കൊണ്ടാണ് മനുഷ്യൻ മഹത്വവത്കരിക്കപ്പെടുന്നത്. തന്റെ കർമ്മഫലം വർത്തമാനകാലഘട്ടത്തിൽ മാത്രം ഒതുങ്ങിക്കൂടാതെ ഭാവി കാലത്തേയ്ക്ക് കൂടി പ്രതിഫലിപ്പിച്ച മഹാനായ ഒരു വ്യക്തിത്വമുണ്ട് അങ്ങാടിക്കടവിൽ, ജോർജ് കാവേരി സാർ... 1979 മുതൽ അങ്ങാടിക്കടവിന്റെ സാമൂഹിക വികസന ഉയർച്ചയിലെ സ്ഥിരസാന്നിധ്യം.

ഒരു പ്രതീക്ഷയും കൂടാതെ മറ്റുള്ളവർക്ക് നല്ലത് ചെയ്യുക എന്ന ലക്ഷ്യത്തോടെ കാവേരി സാർ അങ്ങാടിക്കടവിൽ രൂപീകരിച്ച പ്രസ്ഥാനമാണ് ബസ് പാസഞ്ചേഴ്സ് അസോസിയേഷൻ. ഇതിന്റെ പ്രസിഡന്റായി പ്രവർത്തിച്ചുകൊണ്ട് ആർടിഒയെ ഇടപെടുത്തി ഇരിട്ടിയിൽ നിന്നും അങ്ങാടിക്കടവിലേക്കുള്ള റോഡ് വീണ്ടും അളവെടുപ്പിച്ച് ഫെയർ സ്റ്റേജ് പുതുക്കി നൽകിയതിലൂടെ അദ്ദേഹം സാമ്പത്തികമായി യാത്രക്കാർക്ക് നേടിക്കൊടുത്ത നേട്ടം വരും തലമുറയ്ക്കും സഹായകരമാണ്.

1958 പാലായിൽ നിന്ന് മണിക്കടവിലേക്ക് കുടിയേറി. തുടർന്ന് 21 വർഷത്തെ മണിക്കടവിലെ താമസത്തിനു ശേഷം 1979 ൽ അങ്ങാടികടവിലേക്ക് താമസം മാറി. 1960-ൽ കണ്ണൂരിലെ മണിക്കടവിൽ ആദ്യത്തെ പോസ്റ്റുമാനായാണ് സാമൂഹ്യ സേവന ജീവിതത്തിന് അദ്ദേഹം തുടക്കം കുറിച്ചത്.

1959 ൽ വിമോചന സമരത്തിലും പങ്കെടുത്ത കാവേരി സർ 1961 ൽ അദ്ധ്യാപക രംഗത്ത് തുടക്കം കുറിച്ചു. മാനന്തവാടി സെന്റ് ജോസഫ് ട്രെയിനിംഗ് സ്കൂൾ, സെന്റ് തോമസ് ഹൈസ്കൂൾ മണിക്കടവ്, അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് യു പി സ്കൂൾ, കോളിത്തട്ട് യുപി സ്കൂൾ (ഏഴുവർഷം പ്രധാനാധ്യാപകൻ) എന്നിവിടങ്ങളിലാണ് തന്റെ അദ്ധ്യാപന ജീവിതത്തിന്റെ 33 വർഷം ചെലവഴിച്ചത്. പൊതു ഇടങ്ങളിൽ ഉപഭോക്ത സംരക്ഷണ നിയമം, വിവരാവകാശ നിയമം എന്നിവയുമായി ബന്ധപ്പെട്ട് അനേകം ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

1965 മുതൽ നാലു വർഷം പോലീസിനൊപ്പം ചേർന്ന് കേരള ഹോം ഗാർഡിൽ സേവനം. റൈഫിൾ ക്ലബ് വൈസ് മെൻസ് ക്ലബ് തുടങ്ങിയ ക്ലബിലെ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. യുവാക്കളുടെ, പ്രത്യേകിച്ച് ദരിദ്രരുടെയും ഉപേക്ഷിക്കപ്പെട്ടവരുടെയും ക്ഷേമവും രക്ഷയും ശാശ്വതമാക്കുന്നതിനായി സെന്റ് ജോൺ ബോസ്കോ സ്ഥാപിച്ച സലേഷ്യൻ സഭയുടെ ഡോൺ ബോസ്കോ സലേഷ്യൻ കോർപ്പറേറ്റീവ്സ് അങ്ങാടിക്കടവിന്റെ ഒരു സജീവ അംഗം കൂടിയാണ്.

1940 ൽ വർക്കി ഇലവുങ്കചാലിന്റെയും മറിയത്തിന്റെയും മകനായി ജനനം. റിട്ട. അദ്ധ്യാപക കുഞ്ഞുമോളാണ് ഭാര്യ. പരേതയായ സിൽവി, സ്വപ്ന, വിൻസെന്റ്, അനിൽ ബോസ് എന്നിവരാണ് മക്കൾ.

# വയോജനങ്ങൾക്ക് സൗജന്യ കണ്ണട വിതരണം നടത്തി

ജിഷ്ണ ബാലകൃഷ്ണൻ എം

അങ്ങാടിക്കടവ്: അയ്യൻകുന്ന് പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തെ ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി സൗജന്യ കണ്ണട വിതരണം നടത്തി. ബി പി എൽ വിഭാഗത്തിൽപ്പെട്ട 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കായി ഫെബ്രുവരി 22,23 തീയതികളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തിയിരുന്നു. ക്യാമ്പിൽ പങ്കെടുത്തവരിൽ കണ്ണട ആവശ്യമായ 77 പേർക്കാണ് കണ്ണട വിതരണം നടത്തിയത്.

'ജനകീയ ആസൂത്രണ പദ്ധതിയുടെ അഞ്ച് ശതമാനം ഫണ്ട് വയോജന ക്ഷേമത്തിനായാണ് വകയിരുത്തപ്പെട്ടിരിക്കുന്നത്. ഈ ഫണ്ട് ഉപയോഗിച്ചാണ് വയോജനങ്ങൾക്ക് പ്രയോജനകരമാകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നത്. നേത്രപരിശോധനയോടൊപ്പം കേൾവി പരിശോധനയും നടത്തിയിരുന്നു. ആവശ്യമായവർക്കുള്ള ഹിയറിങ്ങ് എയ്ഡ് കെൽട്രോൺ വഴി ഉടൻ നൽകും'. ഹെൽത്ത് ഇൻസ്പെക്ടർ വി വി രാജേഷ് പറഞ്ഞു.

ഗുണഭോക്താകൾക്കുള്ള കണ്ണട വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. 'വയോജനങ്ങളെ സമൂഹത്തിൽ നിന്നും മാറ്റി നിർത്താതെ മുഖ്യധാരയിൽ കൊണ്ടുവരുകയും വാർദ്ധക്യത്തിൽ അവരെ സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം' പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു

മെഡിക്കൽ ഓഫീസർ അനു മേരി ജോസ്, ഹെൽത്ത് ഇൻസ്പെക്ടർ വി വി രാജേഷ്, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലിസി തോമസ്, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സിന്ധു ബെന്നി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ജലശുചിത്വത്തിലേക്ക് ജലനടത്തം

ലിഡിയ ജേക്കബ്




പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ജലനടത്തം നടത്തി സംസാരിക്കുന്നു

അങ്ങാടിക്കടവ്: പൊതുയിടങ്ങളും ജലാശയങ്ങളും ശുദ്ധമായി സൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ലോക ഭൗമ ദിനമായ ഏപ്രിൽ 22ന് അങ്ങാടിക്കടവ് കുണ്ടൂർ പുഴയിൽ പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ജലനടത്തം സംഘടിപ്പിച്ചു. കേരള സർക്കാരിന്റെ 'തെളിനീരൊഴുകും നവകേരളം' പദ്ധതി പ്രകാരം വിവിധ ഘട്ടങ്ങളിലായി നടത്തുന്ന തടയണ നിർമാണം, പുഴ ശുചീകരണം എന്നിവയുടെ ഭാഗമായാണ് ജലനടത്തം നടത്തിയത്. കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, പഞ്ചായത്ത് അംഗങ്ങൾ എന്നിവർ ജലസ്രോതസ്സുകളിലെ മലിനമായ ഭാഗങ്ങൾ തിരിച്ചറിഞ്ഞ് ജി ഐ എസ് (ജിയോഗ്രഫിക്കൽ ഇൻഫൊർമേഷൻ സിസ്റ്റം) ആപ്പിൽ രേഖപെടുത്തുകയും ജല സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും പിന്നീട് വൃത്തിയാക്കുകയും ചെയ്യുന്നതാണ് പദ്ധതി.

'കൃത്യമായ ജലശുചിത്വ സുസ്ഥിരത ഉറപ്പു വരുത്തുവാനായിട്ടുള്ള സമ്പൂർണ്ണമായൊരു ശുചിത്വ യജ്ഞമാണിത്. ഇതിന്റെ നടത്തിപ്പിനായി പഞ്ചായത്ത് ഭരണസമിതി പ്രത്യേക യോഗം ചേരുകയും മെമ്പർമാരുടെ നേതൃത്വത്തിൽ ഓരോ വാർഡിലും ജലസഭകളും ജലസമിതികളും രൂപീകരിച്ച് കുടിവെള്ള സ്രോതസ്സുകളുടെ ശുചീകരണം നടത്തുന്നുമുണ്ട്'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'അയ്യൻകുന്ന് പഞ്ചായത്തിലെ മുഴുവൻ ജലാശയങ്ങളുടെയും ശുദ്ധമായ ഒഴുക്ക് ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ജലത്തിലേക്ക് തള്ളുന്ന ഖരദ്രവ മാലിന്യങ്ങൾ വേർതിരിച്ച് ശുചിയാക്കി മലിനീകരണത്തിനെതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും പദ്ധതിയുടെ പൂർത്തീകരണത്തോടെ നാടിനെ മാലിന്യമുക്തമാക്കുകയും ചെയ്യാനാവുമെന്നാണ് പ്രതീക്ഷ'. പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി പി വി അഷ്റഫ് പറഞ്ഞു.

# ഞങ്ങളും കൃഷിയിലേക്ക്...

റിയ റോയി



അങ്ങാടിക്കടവ്: കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും വിഷമുക്തമായ ഭക്ഷണം ഉറപ്പാക്കുവാനുമായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതി അയ്യൻകുന്ന് പഞ്ചായത്തിൽ തുടക്കം കുറിച്ചു. കേരളസർക്കാരിന്റെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമാണ് പദ്ധതി. കാർഷിക വികസനത്തിനു വേണ്ടി സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളെയും സജ്ജമാക്കുക, എല്ലാവരിലും കർഷക സംസ്കാരം ഉണർത്തുക, തരിശ്ശുഭൂമി കണ്ടെത്തി കൃഷി പ്രോൽസാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി അങ്ങാടിക്കടവിലെ ഇരുന്നൂറിലേറെ വീടുകളിൽ കുടുംബശ്രീ പ്രവർത്തകർ പച്ചക്കറി വിത്തും തൈകളും വിതരണം ചെയ്തു.

'പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫിസർ എന്നിവരുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും വ്യത്യസ്ത സമിതി രൂപികരിച്ച് കുടുംബശ്രീ, കൃഷി വകുപ്പ്, വില്ലേജ് അധികൃതർ, മൃഗസംരക്ഷണ വകുപ്പ്, തൊഴിലുറപ്പ്, രാഷ്ട്രീയ സന്നദ്ധ സംഘടനകൾ, യുവതി യുവാക്കൾ തുടങ്ങി സമൂഹത്തിലെ മുഴുവൻ വിഭാഗങ്ങളെയും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂട്ടായ പരിശ്രമത്തിലൂടെ പദ്ധതി ലക്ഷ്യമിടുന്ന കർഷക സംസ്കാരത്തിലേക്ക് അങ്ങാടിക്കടവിനേയും എത്തിക്കാനാവുമെന്നാണ് പ്രതീക്ഷ'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗ്യ ചിഹ്നമാണ് ചില്ലു അണ്ണാൻ. ദീപക് മൗത്താട്ടിലിന്റേതാണ് രൂപകൽപന. അനിമേഷൻ നൽകി ചില്ലു അണ്ണാനെ കുട്ടികൾക്കും പ്രിയങ്കരനാക്കാനാണ് കൃഷിവകുപ്പിന്റെ തീരുമാനം.

* V-Share Developers
* V-Share Wellness
* V-Share Supervision
* V-Share Skills
* V-Share Voice
* V-Share Eats
* V-Share Garments

Ph : 95 260 560 88
Angadikadavu
Iritty, Kannur, Kerala

വി-ഷെയർ ഡെവലപ്പേർസ്

V-SHARE GROUP

* കൺസ്ട്രക്ഷൻ, ടേൺ കീ പ്രോജക്ട് , റിനവേഷൻ
* ബിൽഡിംഗ് ഡിസൈൻ & പ്ലാൻ
* 2ഡി, 3ഡി എലിവേഷൻ, ഇന്റീരിയർ & എക്സ്റ്റിരിയർ ഡിസൈൻ
* എസ്റ്റിമേറ്റ്, ബിൽഡിംഗ് പെർമിറ്റ്, വാസ്തു, ലാന്റ് സ്കേപ്പ് &
* ഗാർഡനിംഗ്, ഹൗസിംഗ് ലോൺ, പേഴ്സണൽ ലോൺ
* ടൈനി വില്ല പ്രോജക്ട് , റിയൽ എസ്റ്റേറ്റ്, വേയ്സ്റ്റ് മാനേജ്മെന്റ്

വി-ഷെയർ ഈറ്റ്സ് (ക്വാളിറ്റി ഫുഡ് സർവ്വീസ്)

* കാറ്ററിംഗ് & സേർവിംഗ്
* ഹോം മെയ്ഡ് കേക്ക്
* ഫുഡ് ഡെലിവെറി
* മൊബൈൽ ഫുഡ്കാർട്ട്
* ഫുഡ് സ്ട്രീറ്റ്

For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റേഴ്സ്: സോണറ്റ് മാത്യു, അനിൽ തോമസ് നല്ലൂർ. | എഡിറ്റർ ഇൻ ചാർജ്: ഹർഷ കെ വി | സബ് എഡിറ്റേഴ്സ്: നിതിൻ സി ജോസഫ്, റിയ റോയി, ലിഡിയ ജേക്കബ്, അനുഗ്രഹ ആൻ ജോർജ്, ജിഷ്ണ ബാലകൃഷ്ണൻ എം, ഐസയ ന്യൂമെ, ആഷ്മി തോമസ്| ഫോട്ടോഗ്രഫേഴ്സ്: ലിഡിയ ജേക്കബ് | ഡിസൈൻ:നിതിൻ സി ജോസഫ്